# നടത്തിപ്പിലെ പാളിച്ചകളുമായി കവറക്കുണ്ട് പദ്ധതി

പാലക്കാട് ജില്ലയിൽ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ കവറക്കുണ്ടിൽ നടപ്പിലാക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതി വിവാദമായിക്കഴിഞ്ഞു. പദ്ധതിക്കനുകൂലമായും പ്രതികൂലമായും വാദങ്ങൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. കണ്ണൂരിലെ ജനകീയ ഊർജ്ജവിദ്യാലയം പ്രവർത്തകരായ കെ. അനിൽകുമാർ, സി.ജി. മധുസൂദനൻ എന്നിവർ തയ്യാറാക്കിയ പഠനറിപ്പോർട്ടിൽ നിന്നും.

കേരളത്തിലെ ഗ്രാമീണമേഖലയുടെ വൈദ്യുതി ആവശ്യങ്ങളുടെ പൂർത്തീകരണവും നമ്മുടെ വൈദ്യുത പ്രതിസന്ധിക്ക് പരിഹാരവും എന്ന നിലയിലാണ് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രസക്തി. ഇത്തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മറ്റു സർക്കാർ വകുപ്പുകളും സ്വമേധയാ തയ്യാറാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്, എന്നാൽ മലമ്പുഴ ഗ്രാമപഞ്ചായത്തിന്റേയും സർക്കാർ സ്ഥാപനമായ അനെർട്ടിന്റേയും ജനകീയ പ്രവർത്തന പാരമ്പര്യമുള്ള സർക്കാരിതര സംഘടനയായ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റേയും സഹായത്താൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാകട്ടെ ജനങ്ങളുടെ എതിർപ്പ് നേരിടുകയും ചെയ്യുന്നു. ഈ വൈചിത്ര്യമാണ് ഈ പഠനത്തിന് പ്രേരണയായത്.

ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നതുകൊണ്ട് നിലവിലുള്ള വൻകിട പദ്ധതികളുടെ ചെറിയ രൂപം എന്നല്ല ഉദ്ദേശിക്കുന്നത്. എന്നാൽ നിലവിലുള്ള വികസനമാതൃകയിൽ നിന്നും വ്യത്യസ്തമായി ഈ പദ്ധതിയെ സമീപിക്കാൻ ഐ.ആർ.ടി.സി.ക്കു കഴിഞ്ഞിട്ടില്ല എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വൻകിടപദ്ധതികളുടെ നിഷേധ ഇടപെടലുകളിൽ നിന്നും വ്യത്യസ്തമായ ഒരു ബദൽ നിർദ്ദേശമാകേണ്ട പദ്ധതിയെ വലിയപദ്ധതികളുടെ ചെറിയ മാതൃക എന്ന നിലയിൽ മാത്രമേ ഐ.ആർ.ടി.സി നിർദ്ദേശിച്ചിട്ടുള്ളൂ. പരമ്പരാഗത വികസനമാതൃകകളിൽ നിന്നുമുള്ള ഒരു വ്യതിചലനമാണ് ഐ.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങളിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്നത്.

വലിയ പദ്ധതികളിലേതുപോലെ 'ഡാം സൈറ്റി' ലേക്ക് റോഡ് വെട്ടുന്നതാണ് പ്രാഥമിക ആവശ്യം എന്നതു തന്നെയാണ് ഈ പദ്ധതിയിലും സ്വീകരിച്ചിട്ടുള്ളത്. 500 മീറ്റർ അടുത്തവരെ റോഡ് സൗകര്യം നിലവിലുള്ളതാണ്. മാത്രമല്ല 7 കിലോവാട്ട് മാത്രം ശേഷിയുള്ള ഈ പദ്ധതിയുടെ നിർമ്മാണ സാമഗ്രികൾ എല്ലാം തന്നെ ജനകീയ സഹകരണത്തോടെ പണിസ്ഥലത്ത് എത്തിക്കുക എന്നത് അസാധ്യമായതോ ഭാരിച്ച ചെലവുള്ളതോ അല്ല. അനധികൃതമായി സർക്കാർ വനഭൂമിയിൽ പ്രവേശിച്ച് 4 മീറ്റർ വീതിയിൽ 500 മീറ്റർ നീളത്തിൽ അടിക്കാട് വെട്ടി മണ്ണ് ഇളക്കിയാണ് റോഡ് നിർമ്മിച്ചിട്ടുള്ളത്. പാരിസ്ഥിതികാഘാതങ്ങൾ ഒന്നും തന്നെ സൃഷ്ടിക്കാതെ നടപ്പിലാക്കുമായിരുന്ന വൈദ്യുത പദ്ധതിയും ഈ റോഡ് വെട്ടൽഭ്രമം മൂലം വിവാദമായിത്തീരുകയാണുണ്ടായത്.

14.5 ലക്ഷം രൂപയാണ് ഈ പദ്ധതിക്ക് ലഭ്യമായിട്ടുള്ളത്. കണക്കാക്കിയിട്ടുള്ള ചിലവുകളിൽ പ്രാഥമിക പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ളത് 340600 രൂപയാണ്. കേവലം 25000 രൂപകൊണ്ട് നടത്താവുന്ന പ്രവർത്തനങ്ങൾക്കാണ് ഇത്രയും തുക നീക്കിവെച്ചിരിക്കുന്നത് എന്നത് വിസ്മയം ജനിപ്പിക്കുന്നു. മൊത്തം പദ്ധതിച്ചെലവിന്റെ 25 ശതമാനത്തോളം തുക ചെലവഴിച്ച് നടത്തിയ പ്രാഥമിക പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ഇനിയും വിശദീകരിക്കേണ്ടിയിരിക്കുന്നു.




Kavarakkundu Drinking Water Supply & Micro Hydel Project.

ഐ.ആർ.ടി.സി. ഗവേഷണ പദ്ധതിയുടെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 6.4 ലക്ഷം രൂപ ചെറുകിട ജലവൈദ്യുതി പദ്ധതികളുടെ സാങ്കേതിക വികസനത്തിന് വേണ്ടിയുള്ളതാണ്. കേവലം ഒരു പ്രത്യേക പ്രോജക്ടിനു വേണ്ടിയുള്ളതല്ല ഇത്. തുകയത്രയും ഈ പദ്ധതിയുടെ ചെലവിൽ ഉൾപ്പെടുത്തിയത് മൊത്തം പദ്ധതി അടങ്കലിനെ പെരുപ്പിച്ച് കാട്ടുന്നതിനു മാത്രമാണ് സഹായിച്ചിട്ടുള്ളത്. ഇത് ഈ പദ്ധതി മാതൃകയാക്കേണ്ടിയിരുന്ന മറ്റു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ഇത്തരം പദ്ധതികളിൽ നിന്നും അകറ്റുകയേ ഉള്ളൂ.

ഇത്രയും തുക ചെലവഴിച്ച് നടത്തിയത് ഗവേഷണങ്ങളായിരുന്നുവെങ്കിൽ ഗവേഷണഫലം ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ഉപയോഗിക്കപ്പെടുന്നില്ല എന്നതാണ് ശ്രദ്ധേയം. പദ്ധതിക്കു വേണ്ടുന്ന ഇലക്ട്രോണിക്സ് ലോഡ് കൺട്രോൾ ഐ.ഐ.ടി ഡൽഹിയിൽ

വികസിപ്പിച്ചെടുത്ത് നൽകുന്നതാണ്. പമ്പും മോട്ടോറും കിർലോസ്കർ കമ്പനിയിൽ നിന്നും ലഭിക്കുന്നതാണ്. ഇവയെല്ലാം കൂട്ടിയോജിപ്പിക്കുന്ന സ്ക്രൂഡ്രൈവർ സാങ്കേതിക വിദ്യ മാത്രമാണോ ഇത്രയും തുക ചെലവിട്ട് ഐ.ആർ.ടി.സി നേടിയെടുത്തത്? ഇടുക്കി ജില്ലയിൽ സാധാരണക്കാരായ കർഷകർ ഗവേഷണാവകാശവാദങ്ങൾ ഇല്ലാതെ ഇത്തരം പ്രവർത്തനങ്ങൾ നാലു വർഷമായി നടത്തിവരുന്നു എന്നത് ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതാണ്.

ഐ.ഐ.ടി. ഡൽഹി 12800 രൂപക്കു നൽകുന്ന ഇലക്ട്രോണിക്സ് ലോഡ് കൺട്രോളർ അന്തർദേശീയ വിപണിയിൽ 21000 രൂപക്ക് ലഭിക്കുന്നതാണ്. ഇവിടെ എത്തിക്കാനുള്ള ചിലവടക്കം 45000 രൂപ വന്നേക്കും. കേരളത്തിൽ പലസ്ഥലത്തും ഇതിന്റെ മൂന്നിലൊന്ന് ചെലവിൽ നിർമിക്കപ്പെട്ടിട്ടുള്ള ഇലക്ട്രോണിക്സ് ലോഡ് കൺട്രോളർ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കണ്ണൂർ ജില്ലയിലെ കൂവക്കര ചെറുകിട ജലവൈദ്യുത പദ്ധതി, ചാത്തൻപാറ ജനകീയ ജലവൈദ്യുത പദ്ധതി എന്നിവ ഉദാഹരണം. പൈപ്പിനുവേണ്ടി ചെലവഴിക്കുന്ന തുകയും ഇതുപോലെ വിപണിവിലകളുമായി ബന്ധമില്ലാത്തതാണ്.

കേരളത്തിൽ ഇന്നേവരെ നിർമ്മിക്കപ്പെട്ടിട്ടുള്ള ചെറുകിട പദ്ധതികളിൽ ഏറ്റവും ചിലവു കൂടിയ പദ്ധതിയാണിത്. 7 കി.വാട്ട് ഉല്പാദനത്തിന് 770650 രൂപ എന്ന നിരക്കിൽ 1 കി. വാട്ട് ഉല്പാദനത്തിന് 111092 രൂപ കവരക്കുണ്ട് പദ്ധതിക്ക് ചെലവാകുന്നു. മാർച്ച് 28ന് ഉദ്ഘാടനം ചെയ്യപ്പെട്ട 6 കി.വാട്ട് കൂവക്കര പദ്ധതിയിൽ ഒരു കിലോവാട്ട് ഉല്പാദിപ്പിക്കുന്നതിന് 68000 രൂപമാത്രമാണ് ചിലവായിട്ടുള്ളത്.

പദ്ധതിക്കു നേരെ ഉയർന്നിട്ടുള്ള എതിർപ്പുകളിൽ ഏറെയും ഇത്തരം വസ്തുതകൾ മനസിലാക്കിയിട്ടല്ല. ഈ പുഴയിലെ ജലത്തിൽ നിന്നും ഗണ്യമായ ഒരു ഭാഗം തങ്ങളുടെ കൃഷിയിടത്തിലേക്ക് തിരിച്ചു വിടുന്നവരാണ് പദ്ധതിക്കെതിരെ രംഗത്തെത്തിയവരിൽ പ്രമുഖർ. 70 കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നത്തേക്കാൾ തങ്ങളുടെ കൃഷിഭൂമിയിൽ സുലഭമായി വെള്ളം ലഭിക്കുകയാണ് പ്രധാനം എന്ന മനുഷ്യത്വഹീനമായ സമീപനമാണ് ഇക്കാര്യത്തിൽ അവർ സ്വീകരിച്ചിട്ടുള്ളത്. കുടിവെള്ള പദ്ധതിയുടെ ആവശ്യത്തെ തീർച്ചയായും ഈ ഗ്രാമത്തിനുണ്ട് എന്നതാണ് വസ്തുത. ഐ.ആർ.ടി.സി. പദ്ധതിക്കെതിരെ എതിർപ്പ് പ്രകടിപ്പിച്ച പരിസ്ഥിതി പ്രവർത്തകരും മാധ്യമങ്ങളും മലമ്പുഴ സംരക്ഷണ സമിതിയും പുഴയിലെ വെള്ളം ചിറകൾ കെട്ടി കൃഷിയിടങ്ങളിലേക്ക് ചിലർ ഒഴുക്കുന്നത് കാണാതെ പോയിരിക്കുന്നു. പരിസ്ഥിതി പ്രവർത്തകരുടെ നിതാന്തജാഗ്രത ആവശ്യപ്പെടുന്ന സംഭവമാണിത്.

പദ്ധതിയുടെ ഗുണഭോക്താക്കൾ, പദ്ധതിയെ എതിർക്കുന്നവർ, എതിർക്കുന്ന മലമ്പുഴ ഡാം സംരക്ഷണ സമിതി പ്രവർത്തകർ, മലമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, ഐ.ആർ.ടി.സി. അധികൃതർ എന്നിവരുമായി നേരിൽ സംസാരിച്ചാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. പദ്ധതിക്കുവേണ്ടി ഐ.ആർ.ടി.സി തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ടും പഠനത്തിന് ആധാരമാണ്.